വൃക്കദാനം സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ

2 [* 269] ശ്രീ. എം. മുരളി:
,, ലൂഡി ലൂയിസ്:
,, വി. ഡി. സതീശൻ:
,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ക ദാനം ചെയ്യുന്നതിനും അത് സ്വീകരിക്കുന്നതിനുമുള്ള നടപടിക്രമമെന്ത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തെങ്കിലും സർട്ടിഫിക്കറ്റിന്റെ ആവശ്യമുണ്ടോ ;

(സി) എങ്കിൽ ആരാണ് ആ സർട്ടിഫിക്കറ്റ് നൽകേണ്ടത്;

(ഡി) ആ സർട്ടിഫിക്കറ്റിൽ പറയുന്ന കാര്യങ്ങൾ ശരിയാണോ എന്നറിയുവാൻ ഇന്നുള്ള മാർഗ്ഗങ്ങളെന്ത്;

(ഇ) വൃക്കദാനം സംബന്ധിച്ച നിയമത്തിൽ മാറ്റം വേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) രക്തബന്ധത്തിൽപ്പെട്ടവർക്ക് വൃക്ക ദാനം ചെയ്യുന്നതിനും അത് സ്വീകരിക്കുന്നതിനും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് അംഗീകാരം കിട്ടിയിട്ടുള്ള ആശുപത്രിയിലെ ഡോക്ടർമാർക്ക് തീരുമാനമെടുക്കാവുന്നതാണ്. രക്തബന്ധത്തിൽപ്പെടാത്ത ആൾക്കാർ മനുഷ്യത്വപരമായ കാരണങ്ങളാൽ വൃക്ക ദാനം ചെയ്യുവാൻ ബന്ധപ്പെട്ട ആതറൈസേഷൻ കമ്മിറ്റി മുൻപാകെ അപേക്ഷ നൽകേണ്ടതും അവരുടെ സമ്മതത്തോടുകൂടി അംഗീകാരമുള്ള ആശുപത്രികളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താവുന്നതുമാണ്.

(ബി) ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റും ദാതാവിന് ആരോഗ്യപരമായ നിലയിൽ യാതൊരു കുഴപ്പവുമില്ലെന്നുള്ള സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

(സി) പൊതുജന പ്രതിനിധികളിൽ നിന്നും, പഞ്ചായത്ത് അധികാരികളിൽ നിന്നും ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റും, രോഗിയെ ചികിത്സിക്കുന്ന ഡോക്ടറിൽ നിന്ന് ആരോഗ്യപരമായി കുഴപ്പമില്ലെന്ന സർട്ടിഫിക്കറ്റും.

(ഡി) സർട്ടിഫിക്കറ്റിൽ പറയുന്ന കാര്യങ്ങൾ ശരിയാണോ എന്നറിയാൻ തപാൽ മാർഗ്ഗം കത്തയച്ച് ചോദിക്കുകയല്ലാതെ അതിന്റെ നിജസ്ഥിതി തിട്ടപ്പെടുത്തുവാൻ വേണ്ടുന്ന അന്വേഷണത്തിന് ഇപ്പോൾ യാതൊരു സംവിധാനവുമില്ല.

(ഇ) കേന്ദ്ര സർക്കാരിന്റെ ആക്ടിൽ ("ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് 1994") ചില ഭേദഗതികൾക്കുവേണ്ടിയുള്ള ചർച്ച കേന്ദ്രസർക്കാർ തലത്തിൽ നടക്കുന്നുണ്ട്. മാനുഷിക പരിഗണന മൂലമുള്ള വൃക്കദാനം പ്രോൽസാഹിപ്പിക്കുവാനുള്ള നടപടികളെക്കുറിച്ച് കേന്ദ്ര സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ എം. മുരളി: സർ, ഗുരുതരമായ പ്രശ്നമാണ് ഈ ചോദ്യത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് വൃക്ക മാറ്റൽ ശസ്ത്രക്രിയ നടത്താൻ ഗവണ്മെന്റ് അംഗീകാരം കൊടുത്ത ആശുപത്രികൾ ഏതെല്ലാം? .അങ്ങനെ അംഗീകാരം ഇല്ലാത്ത ഏതെങ്കിലും ആശുപത്രികൾ കഴിഞ്ഞ ഏതാനും വർഷക്കാലത്തിനുള്ളിൽ പരാതിക്ക് ഇടനൽകിക്കൊണ്ട് വൃക്ക മാറ്റൽ ശസ്ത്രക്രിയ നടത്തിയിട്ടുണ്ടോ? അങ്ങനെ നടത്തിയതു സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം സംസ്ഥാന പോലീസോ, ഏജൻസികളോ നടത്തി അത്തരം ആശുപത്രികളെ പോയിന്റ് ഔട്ട് ചെയ്തിട്ടുണ്ടോ? അവയ്ക്കെതിരായി എന്ത് നടപടി സ്വീകരിച്ചു? വ്യക്തമായ ഉത്തരം ബഹുമാനപ്പെട്ട ഗവണ്മെന്റും മന്ത്രിയും നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ. സർ, കേരളത്തിൽ 3 മെഡിക്കൽ കോളേജുകൾ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നുണ്ട്. കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം. തിരുവനന്തപുരത്ത് ഈ അടുത്ത കാലത്തായിട്ട് തിയേറ്റർ renovation-ന്റെ ചില പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് കുറച്ചു മാസങ്ങളായി വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നില്ല. renovation കഴിഞ്ഞു. ആവശ്യമായ equipments വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അത് പൂർത്തിയായാൽ തിരുവനന്തപുരത്തും വൃക്ക മാറ്റൽ ശസ്ത്രക്രിയ നടക്കും, കേരളത്തിൽ 9 സ്വകാര്യ ആശുപത്രികൾക്ക് വൃക്ക മാറ്റൽ ശസ്ത്രക്രിയ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. Baby Memorial Hospital, Kozhikode, National Hospital, Kozhikode, P.V.S Hospital, Kozhikode, P.V.S. Hospital, Ernakulam, Medical Trust Hospital, Ernakulam, Lakeshore Hospital, Ernakulam, Amritha Hospital, Ernakulam, Cosmopolitan Hospital, Thiruvananthapuram, KIMS Hospital, Thiruvananthapuram ഇവർക്കൊക്കെയാണ് വൃക്ക മാറ്റൽ ശസ്ത്രകിയയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളത്. രജിസ്ട്രേഷൻ നൽകിയിട്ടുള്ളത് ഇവർക്കാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ രജിസ്ട്രേഷൻ ഇല്ലാത്ത ആശുപത്രികളിൽ ശസ്ത്രക്രിയ നടത്തിയതായി ഗവൺമെന്റിന് ഇതുവരെ യാതൊരു പരാതിയും ലഭിച്ചിട്ടില്ല.

ശ്രീ. ലൂഡി ലൂയിസ്: സർ, Muhammed Yaseen D.I.G.-യുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിൽ അനധികൃതമായി വൃക്ക മാറ്റൽ ശസ്ത്രക്രിയ നടത്തിയതായി കണ്ടെത്തി, വ്യക്തമായ റിപ്പോർട്ട് ഗവണ്മെന്റിന് നൽകിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനകത്ത് അനധികൃതമായി വൃക്ക മാറ്റൽ ശസ്ത്രക്രിയ നമ്മുടെ സംസ്ഥാനത്തിനകത്ത് അംഗീകാരം ഇല്ലാത്ത ഏതാനും ആശുപത്രികളിൽ നടത്തിയിട്ടുണ്ട്. ആ റിപ്പോർട്ട് ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടെങ്കിൽ ആ ആശുപത്രികളുടെ പേരാണ് എന്റെ ഒന്നാമത്തെ ചോദ്യത്തിൽ ഉന്നയിച്ചത്. അതിന് ഒഴിഞ്ഞുമാറാതെ വ്യക്തമായ മറുപടി നൽകണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: അംഗീകാരം ലഭിക്കാത്ത ആശുപത്രികളിൽ വൃക്ക മാറ്റൽ ശസ്ത്രക്രിയ നടന്നതായിട്ട് പരാതി ലഭിച്ചിട്ടില്ല. പക്ഷേ രജിസ്ട്രേഷൻ ഉള്ള ആശുപത്രികളിൽ വൃക്ക മാറ്റൽ ശസ്ത്രക്രിയയിൽ ക്രമക്കേടുകൾ നടന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ആ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ Mr. Muhammed Yaseen-ന്റെ നേതൃത്വത്തിൽ ഒരു അന്വേഷണം നടത്തിയിട്ടുണ്ട്. ആ റിപ്പോർട്ട് ഈ നിയമസഭയിൽ തന്നെ പ്ലെയ്സ് ചെയ്തിട്ടുള്ളതാണ്. അതിൽ വിശദമായിട്ട് എല്ലാം പറഞ്ഞിട്ടുണ്ട്. അതൊരു പബ്ലിക്ക് ഡോക്യുമെന്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലൂഡി ലൂയിസ് : അത്യാവശ്യമായി വൃക്ക മാറ്റിവയ്ക്കേണ്ട രോഗിക്ക് ബന്ധുക്കൾ ഇല്ല എന്ന ഒറ്റ കാരണത്താൽ ആരെങ്കിലും വൃക്ക കൊടുക്കാൻ തയ്യാറായാൽ വൃക്ക സ്വീകരിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. അതിന് മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ഇപ്പോൾ യാതൊരു നിയമതടസ്സവും ഇല്ല. first degree blood relation അതായത് അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ, മകൾ, സഹോദരൻ, സഹോദരി ഈ എട്ടുപേർക്ക് എപ്പോഴും വൃക്ക ദാനം ചെയ്യാം. അങ്ങനെ വൃക്ക ദാനം ചെയ്യുന്നതിന് നിലവിൽ നിയമതടസ്സങ്ങളില്ല. അതുപോലെ തന്നെ humanitarian reasons-ൽ വൃക്ക ദാനം ചെയ്യാം. അതിനെ altruistic motive എന്നു പറയും. കടപ്പാടിന്റെ അടിസ്ഥാനത്തിൽ അങ്ങനെ വൃക്ക ദാനം ചെയ്യുമ്പോൾ സോണൽ ആയിട്ട് മൂന്ന് authorisation committee-കൾ ഉണ്ട്. ആ authorisation committee മുമ്പാകെ ഇവർ ആവശ്യമായ തെളിവ് കൊടുത്ത് അതിന് വ്യക്തമായ ഫോർമാറ്റും മറ്റെല്ലാ നടപടികളും ഉണ്ട്. ആ authorisation committee-യ്ക്ക് വൃക്ക മാറ്റി വയ്ക്കാൻ അനുമതി നൽകാവുന്നതാണ്. പിന്നെ മൃതശരീരത്തിൽ നിന്ന് വൃക്ക മാറ്റി വയ്ക്കാം. Cellular death ഉണ്ടാകുന്നതിനുമുൻപ് ബന്ധുക്കൾ സമ്മതിക്കുകയാണെങ്കിൽ ഈ തരത്തിൽ വൃക്ക മാറ്റി വയ്ക്കുന്നതിന് അനുവാദം നൽകാവുന്നതാണ്. അതിന് Cadavaric Transplantation എന്ന് പറയും.

ശ്രീ. വി. ഡി. സതീശൻ: സർ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് അനുവാദം ഉള്ളതും ഇല്ലാത്തതുമായ ചില ആശുപത്രികളെ കേന്ദ്രീകരിച്ച് വളരെ ദരിദ്രരായ മനുഷ്യരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ചൂഷണം ചെയ്തുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വൃക്ക കച്ചവടം നടത്തുന്ന ബ്രോക്കർമാർ ധാരാളം ഉണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. വൃക്ക കച്ചവടം നടത്തുന്ന ഇടനിലക്കാരുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസുകൾ ഉള്ളതായി സർക്കാരിന് അറിയാമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഒരു കേസ് കോഴിക്കോട് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഉണ്ട്. ആ കേസ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. കാരണം പറഞ്ഞിരിക്കുന്നത് പരാതിയുടെ അടിസ്ഥാനത്തിൽ DME കേസ് ഫയൽ ചെയ്തതാണെന്നാണ്. എന്നാൽ കേസ് സി.ബി.ഐ. അന്വേഷിച്ചാൽ മതിയെന്നും പോലീസ് അന്വേഷണം വേണ്ടെന്നുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലുള്ള കേസ് സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സാമ്പത്തികമായ ലക്ഷ്യത്തോടെ കച്ചവടം നടത്തുകയും, ഇടനിലക്കാരായി നിൽക്കുകയും ബുദ്ധിമുട്ടുകൾ ചൂഷണം ചെയ്തുകൊണ്ടും നടത്തുന്ന ഈ നടപടിക്രമം അത് നിയമപരമായി, ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട 1994-ലെ Transplantation of Human Organs Act ആണ്. ഇത് തടയുന്നതിനുള്ള നിയമങ്ങൾ നമുക്കെന്തെല്ലാമുണ്ട്. വ്യക്തമാക്കാമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ഇതിൽതന്നെ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ഈ Transplantation of Human Organs Act-ൽ തന്നെ punishment for commercial dealings in human organs എന്നു പറഞ്ഞിട്ട് അതിൽ രണ്ടുമുതൽ ഏഴുവർഷം വരെ തടവുശിക്ഷയാകാം അല്ലെങ്കിൽ പതിനായിരം രൂപമുതൽ ഇരുപതിനായിരം രൂപവരെ പിഴയാകാം. ഇപ്പോൾ തന്നെ ഈ ആക്റ്റിൽ ഈ വ്യവസ്ഥകൾ ഉണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, കഴിഞ്ഞ ഡിമാൻഡ് ഡിസ്കഷനിൽ ആരോപണം എഴുതി തന്നിട്ട് അത് സഭയിൽ അവതരിപ്പിക്കുകയും സഭയും ഈ പ്രശ്നം നിഷേധിച്ചപ്പോൾ ഞാൻ പുറത്ത് പത്ര സമ്മേളനം നടത്തി ഈ ആരോപണം ഉന്നയിക്കുകയും എന്റെ പേരിൽ കേസെടുക്കാൻ മുൻ ആരോഗ്യമന്ത്രിയെ ചലഞ്ച് ചെയ്യുകയും ചെയ്തു. അന്ന് സഭയിൽ പറഞ്ഞ മറുപടി ഈ കേസ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതുകൊണ്ടാണ് എന്നാണ്. ഈ സ്റ്റേ വെക്കേറ്റ് ചെയ്യാതിരിക്കുന്നതെന്തുകൊണ്ടാണെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ; ഞാൻ തിരിച്ച് ആരോപിക്കുന്നു. അങ്ങയുടെ ഒരു സഹപ്രവർത്തകന്റെ ബന്ധു ഈ കേസിൽ പ്രതിയായതുകൊണ്ടാണ് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ നിന്നും ഈ കേസ് പിൻവലിക്കാൻ തയ്യാറാകാത്തത് എന്നു പറഞ്ഞാൽ നിഷേധിക്കാൻ അങ്ങേയ്ക്കു കഴിയുമോ?

മി. സ്പീക്കർ : ചോദ്യോത്തരവേളയിൽ ആരോപണങ്ങൾ പാടില്ല.

ശ്രീ. ടി. കെ. ദേവകുമാർ : സ്റ്റേ പിൻവലിക്കാൻ സർക്കാർ ഇടപെടാത്തത് എന്താണ് എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, സ്റ്റേ വെക്കേറ്റ് ചെയ്യാൻ ഉടനെതന്നെ നടപടി സ്വീകരിക്കുന്നതാണ്.

പ്രൊഫ. കെ. വി. തോമസ് : സർ, മനുഷ്യശരീര അവയവങ്ങളുടെ, കണ്ണിന്റെ റെറ്റിനാ, ലിവർ, കിഡ്നി എല്ലാം വലിയൊരു കച്ചവടം ആയി മാറിയിരിക്കുന്നു. പ്രധാനമായും ശ്രീലങ്കയിൽ നിന്നാണ് കേരളത്തിൽ വരുന്നത്. കാരണം കേരളത്തിൽ പ്രത്യേകിച്ച് ഇൻഡ്യയിൽ മരണത്തിനുശേഷം, മസ്തിഷ്ക മരണത്തിനുശേഷം അവയവങ്ങൾ ദാനം ചെയ്യുന്ന സംവിധാനം ഫലപ്രദമായി നടക്കുന്നില്ല. കേരളത്തിൽ ഇപ്പോൾ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ SORT എന്നു പറയുന്ന (Society for Organ Transplantation) വളരെ വ്യാപകമായി മസ്തിഷ്ക്ക മരണത്തിനുശേഷം അവരവരുടെ അവയവങ്ങൾ ദാനം ചെയ്യുന്ന ഒരു സംവിധാനം എറണാകുളത്തുണ്ട്. ഞാൻ ഉൾപ്പെടെയുള്ള ആളുകൾ ഞങ്ങളുടെ മരണശേഷം റെറ്റിനാ, ലിവർ, കിഡ്നി ഇവയൊക്കെ ദാനം ചെയ്യാനുള്ള ഒരു ഒപ്പിടൽ പരിപാടിയിൽ ബന്ധപ്പെടുകയും മരണശേഷം അവയവങ്ങൾ കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. അത് വലിയൊരു മൂവ്മെന്റ് ആയിരുന്നു. അത്തരം മൂവ്മെന്റുകളിലൂടെ ഇത്രയും വിലപ്പെട്ട അവയവങ്ങൾ പാവപ്പെട്ടവർക്കു കിട്ടാനുള്ള IMA യുടെ സംവിധാനത്തിന് ആവശ്യമായ പ്രചാരണം കൊടുക്കാൻ IMA ഉൾപ്പെടെയുള്ള സംഘടനകളുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പ്രവർത്തിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ഞാൻ നേരത്തെ സൂചിപ്പിച്ചപ്രകാരം Cadaveric Transplantation-ന് നിയമത്തിൽ ഇപ്പോൾതന്നെ ഇതിനുള്ള വ്യവസ്ഥകൾ ഉണ്ട്. മരണത്തിനുശേഷം വൃക്ക മാറ്റിവയ്ക്കുന്നതിന് ബന്ധുക്കൾ സമ്മതിക്കുകയാണെങ്കിൽ ഇപ്പോൾ തന്നെ നിയമങ്ങൾ ഉണ്ട്. പ്രൊഫ. കെ. വി. തോമസ് പറഞ്ഞതുപോലെ ഇത് വ്യാപകമാക്കിക്കൊണ്ട് മനുഷ്യത്വപരമായ കാരണം എന്ന നിലയിൽ പ്രചാരണവും സഹകരണവുമൊക്കെ നേടാവുന്നതാണ്. അതിനെക്കുറിച്ച് നമുക്ക് ആലോചിക്കാം.

ശ്രീ. എം. വി. ജയരാജൻ : സർ, ഇവിടെ വൃക്ക ദാനം അല്ല. വൃക്ക കച്ചവടം ആണ് നടക്കുന്നത്. ബ്ലേഡ് മാഫിയയും വൃക്ക റാക്കറ്റും തമ്മിൽ ഉള്ള ഒത്തുകളിയാണ് കേരളത്തിൽ നടക്കുന്നത്. ശ്രീ. ടി. കെ. ദേവകുമാർ ഇവിടെ ഉന്നയിച്ചതും പ്രതിപക്ഷനേതാവ് പല ഇടങ്ങളിൽ പോയി കണ്ടെത്തിയതുമായ വസ്തുതകൾ ഈ നിയമസഭയിൽ ചർച്ച ചെയ്തു അങ്ങ് പറഞ്ഞ് കേസ് എടുത്തു. ഈ കേസിലെ ഒരു ഏജന്റ് ആണ് വിശ്വൻ. തൃശൂരിലെ ഒരു ഹോട്ടൽ മുറിയിൽ വൃക്ക വ്യാപാരം ഈ മനുഷ്യനെ കേന്ദ്രീകരിച്ചുനടക്കുകയാണ്. വിശ്വന്റെ പേരിൽ കേസെടുത്തെങ്കിലും അറസ്റ്റുചെയ്തില്ല. അപ്പോൾ സ്റ്റേ ഉണ്ടായിരുന്നില്ല. തൃപ്പൂണിത്തുറ സ്വദേശിയായ മുരുകൻ അയാൾ ബ്ലേഡുകാരിൽ നിന്ന് പണം കടം എടുത്ത് കടക്കെണിയിൽ ആയതുകൊണ്ട് ബ്ലേഡുകാർകൂടി ഈ മനുഷ്യനെ വൃക്ക ദാനം ചെയ്യാൻ തൃശൂരിലെ വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റലിൽ കൊണ്ടുപോയി. അങ്ങ് പറഞ്ഞ ഒൻപതു ഹോസ്പിറ്റലുകളുടെ ലിസ്റ്റിൽ പെടുന്നതല്ല ഈ വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ. അവിടെ കൊണ്ടുപോയി ഈ മനുഷ്യന്റെ വൃക്ക മുറിച്ചെടുത്ത് ഒരു മൻസൂറിന് ആണ് കൊടുത്തത്. ഇത് വൃക്ക ദാനം ആണോ? വൃക്ക ദാനം അല്ലല്ലോ; ആരോഗ്യവകുപ്പിന്റെ വളരെ വ്യക്തമായ പ്രശ്നങ്ങൾ ശ്രദ്ധയിൽ ഉണ്ട്. മൂന്നുലക്ഷം രൂപമുതൽ പത്തുലക്ഷം രൂപ വരെ ഏജന്റുമാർ തട്ടി എടുക്കുന്ന വൃക്ക കച്ചവടം നടത്തുന്ന റാക്കറ്റിന്റെ പേരിൽ നടപടി എടുക്കുമോ? ഞാൻ വ്യക്തമായി പറയുന്നു വിശ്വൻ, അങ്ങയുടെ വകുപ്പിനറിയാം. ആ വിശ്വന്റെ നേതൃത്വത്തിൽ നടന്ന വൃക്ക കച്ചവടം ആ റാക്കറ്റിനെ പിടിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: അങ്ങ് ആദ്യം പറഞ്ഞത് ശരിയല്ല. വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റലിലും വൃക്ക മാറ്റിവയ്ക്കലിന് ആവശ്യമായ എല്ലാ സൗകര്യങ്ങളുമുണ്ട്. രജിസ്ട്രേഷനുമുണ്ട്. ആദ്യം പറഞ്ഞ ഒൻപതെണ്ണത്തിൽ ഉണ്ട്.

ശ്രീ. എം. വി. ജയരാജൻ : ഇല്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഞാൻ വായിച്ചു, ഞാൻ വെരിഫൈ ചെയ്തുപറയാം. മുരുകന്റെ കേസുവന്നപ്പോൾ പത്രവാർത്തകൾ വന്നു. മുരുകന്റെ കിഡ്നി വിലയ്ക്കുവാങ്ങി എന്നൊക്കെ പത്ര വാർത്തകൾ വന്നു. പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ DME ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ അവരുടെ നേതൃത്വത്തിൽ ഒരു എൻക്വയറി നടത്തി ആ എൻക്വയറിയിൽ മുരുകനോ ബന്ധുക്കളോ ഹാജരായില്ല. അവിടെ റിക്കാർഡ്സ് നോക്കുമ്പോൾ റിക്കാർഡ്സൊക്കെ കറക്റ്റ് ആണ് എന്നാണ് കണ്ടത്.

ശ്രീ. കെ. മോഹൻ കുമാർ: സർ, ആയിരക്കണക്കിന് രോഗികൾ ആശ്രയിക്കുന്ന തിരുവനന്തപുരം മെഡിക്കൽകോളേജിലെ ഓപ്പറേഷൻ തിയേറ്ററിന്റെ പുനരുദ്ധാരണ പണികൾ പൂർത്തിയാക്കി ആറുമാസം കഴിഞ്ഞിട്ടും അവിടെ മനഃപ്പൂർവ്വം വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയകൾ വൈകിക്കാനും നടത്താതിരിക്കാനും ഒരു ലോബിയുടെ ശ്രമമുള്ളതായി സംശയിക്കപ്പെടുന്നുണ്ട്. അങ്ങനെ ആക്ഷേപിക്കപ്പെടുന്നുണ്ട്. അടിയന്തിരമായി ഈ ആശുപത്രിയിലെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പുനരാരംഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഊർജ്ജിതമായ നടപടികളെടുക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർജറി തിയേറ്ററിന്റെ renovation പ്രവർത്തികൾ പൂർത്തിയായി. അതിന്റെ equipments വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. അത് പൂർത്തീകരിച്ചാലുടനെ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും ആരംഭിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു വൃക്ക തട്ടിപ്പു മാഫിയതന്നെ പ്രവർത്തിക്കുന്നുണ്ട്. ഇന്ന് കോഴിക്കോട്ടുള്ള ചില സ്വകാര്യ ആശുപത്രികളിൽ പോയി കിടന്നാൽ തിരിച്ചുവരുമ്പോൾ വൃക്കയുണ്ടാവുകയില്ല എന്നുള്ള അവസ്ഥയാണ്. നമ്മുടെ സംസ്ഥാനത്തുള്ള ആരുടേയും വൃക്ക ഇത്തരത്തിലുള്ള ആശുപത്രികളിൽ സുരക്ഷിതമല്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വളരെ ശ്രദ്ധിക്കണം. അദ്ദേഹം കോഴിക്കോട് ചില സ്വകാര്യ ആശുപത്രികളിൽ സ്ഥിരമായി പോയി കിടക്കുന്ന ആളാണ്. തിരിച്ചുവരുമ്പോൾ അദ്ദേഹത്തിന് വൃക്കയുണ്ടാകുമോ എന്നാണ് എന്റെ സംശയം. മാത്രമല്ല, ആരോഗ്യ വകുപ്പുമന്ത്രിയുടെ വൃക്ക നമുക്കൊക്കെ താല്പര്യമുള്ള വൃക്കയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ വൃക്കയ്ക്കുപോലും സുരക്ഷിതത്വമില്ലാത്ത ഒരു സംസ്ഥാനമായി കേരളം മാറി. എന്റെ ചോദ്യം മുഹമ്മദ് യാസിൻ എന്ന ഐ.ജി. അന്വേഷിച്ച് ഗവൺമെന്റിന് റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അത് ഈ സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ആദ്യം പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിനുമുമ്പാകെ ഡി.എം.ഇ. കൊടുത്ത കേസ് ഇപ്പോൾ ഹൈക്കോടതി സ്റ്റേയിലാണ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഈ ഉപദേശം തന്നതിന് വളരെ നന്ദിയുണ്ട്. പക്ഷേ അങ്ങയുടെ വൃക്കയിലും എനിക്കൊരു താല്പര്യമുണ്ട്. അങ്ങയുടെ വൃക്കയും നഷ്ടപ്പെട്ടുപോകാതിരിക്കാൻ വളരെ വിശ്വാസമുള്ള സ്വകാര്യ ആശുപത്രിയിൽ പോയാൽ മതി. അതുമാത്രമല്ല, ചില സഹകരണ ആശുപത്രികളുമുണ്ട്, അങ്ങയുടെ എതിർ ഗ്രൂപ്പിന്റെ കൈയിലുള്ള സഹകരണ ആശുപത്രി, അവിടേയും അങ്ങ് പോകരുത്.

ശ്രീ. വർക്കല കഹാർ: സർ, ആളുകൾ അറിയാതെ അവരുടെ വൃക്ക മാറ്റിയ സംഭവങ്ങളുണ്ടായിട്ടുണ്ട്. അതുപോലെതന്നെ ബുദ്ധിയില്ലാത്ത ആളുകളെ പറ്റിച്ച വളരെയധികം സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇതൊക്കെ വാർത്തയായി വന്നിട്ടുള്ളതാണ്. വൃക്ക നൽകുന്ന ആളിന്റെ മാത്രമല്ല അയാളുടെ സഹോദരന്മാർ, ഭാര്യ എന്നിവരുടെകൂടി അനുവാദമുണ്ടെങ്കിൽ മാത്രമേ വൃക്ക മാറ്റിവയ്ക്കുന്നത് അംഗീകരിക്കാവൂ എന്നുള്ള വ്യവസ്ഥ കൊണ്ടുവരാൻ ശ്രദ്ധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഇത് സെൻട്രൽ ആക്ടാണ്. സെൻട്രൽ ആക്ടിൽ ചില ഭേദഗതികൾ വരുത്തണമെന്നുള്ളതിനെക്കുറിച്ച് കേന്ദ്രഗവൺമെന്റ് തന്നെ ആലോചിച്ചുവരികയാണ്.

ശ്രീ. സി. കെ. നാണു: സർ, മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കുന്നതിന്റെ എണ്ണം വർദ്ധിപ്പിക്കാനും അതുപോലെ പാവപ്പെട്ട ആളുകൾക്ക് വൃക്ക മാറ്റിവയ്ക്കലിന് ഇന്നുള്ളതിനേക്കാളും കൂടുതൽ സാമ്പത്തിക സഹായം നൽകാനും സർക്കാർ സന്നദ്ധമാകുമോ? ഈ മേഖലകളിൽ പുതിയ മെഷിനറി വരുന്ന അവസരത്തിൽ അത് ഉടനെതന്നെ വാങ്ങാനും അവിടെ പാവപ്പെട്ട ആളുകൾ വൃക്ക മാറ്റിവയ്ക്കേണ്ടിവരുന്ന അവസരത്തിൽ അതിനാവശ്യമായ സാമ്പത്തിക ചെലവുകൾ വഹിക്കാനും സർക്കാർ സന്നദ്ധമാകുന്ന നിലപാട് സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: തീർച്ചയായും അത് പരിശോധിക്കുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ്: വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിന് സംസ്ഥാനത്ത് 9 ആശുപത്രികൾക്ക് അനുവാദം കൊടുത്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇവിടെ ലക്ഷക്കണക്കിന് രൂപ ചെലവുവരുന്ന ഈ ശസ്ത്രക്രിയ ചെയ്യുന്നതിന് അനുവാദം കൊടുക്കുമ്പോൾ ഇതിനാവശ്യമായ ഡോക്ടറുണ്ടോ, ഉപകരണങ്ങളുണ്ടോ, എങ്ങനെയാണ് ഈ ലൈസൻസ് കൊടുത്തതിന്റെ മാനദണ്ഡം എന്ന് വ്യക്തമാക്കുമോ? മറ്റൊരുകാര്യം മന്ത്രിയും പ്രതിപക്ഷ ഉപനേതാവും പരസ്പരം അവരവരുടെ വൃക്കയെ സംബന്ധിച്ച് ഉത്ക്കണ്ഠ രേഖപ്പെടുത്തി. ഈ സംസ്ഥാനത്തെ ആളുകളുടെ കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഇതിന്റെ രജിസ്ട്രേഷൻ കൊടുക്കുന്നതിന് Appropriate Authority ഉണ്ട്. ആ Appropriate Authority ഡി.എം.ഇ. ആണ്. അതിന് വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. ആ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്വകാര്യ ആശുപത്രികൾക്ക് രജിസ്ട്രേഷൻ കൊടുക്കുന്നത്. എല്ലാ ജനങ്ങളുടേയും വൃക്കകൾക്ക് ഒരുതരത്തിലും കുഴപ്പം വരാതിരിക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

ശ്രീ. പി. സി. ജോർജ്ജ്: സർ, വൃക്കമാറ്റൽ ശസ്ത്രക്രിയ ഈ സംസ്ഥാനത്ത് ആവശ്യമാണെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമുണ്ടാകാൻ സാധ്യതയില്ല. വൃക്കയില്ലാതെ കഷ്ടപ്പെടുന്ന, മരിക്കാൻ പോകുന്ന ആളുകൾക്ക് വൃക്കദാനം ചെയ്യാൻ ബന്ധുക്കളുണ്ടെങ്കിൽ, ഇല്ലെങ്കിൽ നിയമമനുസരിച്ച് ഒരു കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി സന്തോഷത്തോടുകൂടി വൃക്ക ദാനം ചെയ്യുന്നുവെങ്കിൽ അതിനെ എതിർക്കുന്നതിനോട് ഞങ്ങൾക്ക് ആർക്കും യോജിപ്പില്ല. അത് അനുകൂലിക്കേണ്ടതാണ്. പക്ഷേ ഇവിടെയുള്ള പ്രശ്നം ഇടുക്കി ജില്ലയിലെ പൂമാല കേന്ദ്രീകരിച്ചുകൊണ്ട് എട്ടോളം പാവപ്പെട്ട ആദിവാസികളുൾപ്പെടെയുള്ള ആളുകളുടെ വൃക്കകൾ ഒരു ഡോക്ടറുടെ നേതൃത്വത്തിൽ അദ്ദേഹംതന്നെ ഏജന്റായി നിന്ന് കച്ചവടം നടത്തുന്നു, ചില ശസ്ത്രക്രിയകളും നടന്നു. അതിന്മേൽ ഇവിടെ വിശദമായ അന്വേഷണം നടന്നു. ആ ആശുപത്രിയുടെ മഹത്വത്തെപ്പറ്റിയൊന്നും ഞാൻ നിഷേധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

നല്ല ഹോസ്പിറ്റലാണ് പക്ഷേ ആ ആശുപത്രിയിലാണ് വൃക്കമാറ്റൽ ശസ്ത്രക്രിയയിൽ ഏറ്റവുമധികം അവിഹിതമായ നടപടികൾ നടന്നത്. അവിടെയുള്ള ഒരു ഡോക്ടർ തന്നെയാണ് അതിന് ഇടനിലക്കാരനായി നിന്നതെന്ന് മുഹമ്മദ് യാസീന്റെ റിപ്പോർട്ടിലുണ്ട്. ബഹുമാനപ്പെട്ട കോഴിക്കോട് ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ കേസ് വന്നപ്പോൾ മുഹമ്മദ് യാസിന്റെ റിപ്പോർട്ട് കോടതിയിൽ വരുത്തി. പക്ഷേ ആ റിപ്പോർട്ട് ഹെൽത്ത് സെക്രട്ടറി കൊടുത്തത് എങ്ങനെയാണെന്നറിയാമോ? സീൽഡ്കവറിലാണ് കൊടുത്തത്. അത് മജിസ്ട്രേട്ടല്ലാതെ വേറെ ആരും കാണാൻ പാടില്ല, അത് കോടതിയിൽ പരസ്യപ്പെടുത്താൻ പാടില്ല എന്നുപറഞ്ഞ് സീൽഡ്കവറിലാണ് മജിസ്ട്രേട്ട് കോടതിയിൽ ഹെൽത്ത് സെക്രട്ടറി റിപ്പോർട്ട് കൊടുത്തിരുന്നത്. ആ റിപ്പോർട്ട് സഭയിൽ വച്ചുവെന്നുപറയുന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർബന്ധമായും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? എന്തുകൊണ്ടാണ് അതിന് വൈമനസ്യം കാണിക്കുന്നത്?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: അത് ഞാൻ നേരത്തേ പറഞ്ഞതാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.എം.ഇ. കോഴിക്കോട് ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ട് കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. അത് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഇപ്പോൾ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയില്ല.

മി. സ്പീക്കർ: ചോദ്യം നമ്പർ *270

ഹോം നേഴ്സുമാരുടെ പേരുവിവരം പോലീസ് സ്റ്റേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തൽ

3 [* 270] ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. സുധാകരൻ:
,, കെ. അച്ചുതൻ:
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോം നേഴ്സ്, വീട്ടുവേലക്കാർ മുതലായവരെ നൽകുന്ന സ്ഥാപനങ്ങളുടെമേൽ ഗവൺമെന്റിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം സ്ഥാപനങ്ങൾ എത്തിച്ചു കൊടുക്കുന്ന ആളുകൾ പലവിധത്തിലുള്ള ക്രിമിനൽ കുറ്റങ്ങൾ നടത്തിയശേഷം അപ്രത്യക്ഷമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഹോം നേഴ്സായും വീട്ടുജോലിക്കാരിയായും, ബന്ധപ്പെട്ട സ്ഥാപനത്തിൽ പേര് രജിസ്റ്റർ ചെയ്യുന്നവരുടെ വിവരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ നൽകുവാൻവേണ്ട വ്യവസ്ഥയുണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly